






ഡോ. ബിനായക് സെൻ

# പഴയ പാഠങ്ങളിൽ നിന്നും

കേരളത്തിലെ ജനകീയ സമരങ്ങളെക്കുറിച്ച് കേരളീയം പ്രത്യേക പതിപ്പിറക്കുന്നതായി അറിഞ്ഞു. ഈ ഉദ്യമത്തിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ശ്രീനാരായണ ഗുരു നടത്തിയ ജാതി വിരുദ്ധ സമരങ്ങൾ മുതൽ കേരളം ഇത്തരം മുന്നേറ്റങ്ങളിൽ മഹത്തായ പാരമ്പര്യം കാത്തുസൂക്ഷിക്കുന്നുണ്ട്. നിരവധി തൊഴിലാളി സംഘടനകൾ, ഭൂരഹിത കർഷക കൂട്ടായ്മകൾ, ജനകീയ ഗ്രന്ഥശാല, ശാസ്ത്രപ്രസ്ഥാനങ്ങൾ തുടങ്ങിയ ഒട്ടേറെ മാതൃകകൾ കേരളത്തിന് നൽകാനുണ്ട്. എന്നിട്ടും ഇവിടെയും ചില വിഭാഗങ്ങളോടുള്ള വേർതിരിവ് തുടരുകയാണ്. ആഗോളവത്കരണവും അതിവേഗ വികസനവുമെല്ലാം മാറ്റം വരുത്തിയ പുതിയ രാഷ്ട്രീയ സാമൂഹിക തലങ്ങൾ തീർത്തും അറിയാത്ത കാട്ടിൽ ജീവിക്കുന്ന ആദിവാസികൾ ഇതിന് ഒരു ഉദാഹരണം മാത്രം. അതിനാൽ നാം ഒത്തൊരുമിച്ച് ഇതുവരെ നേടിയെടുത്ത സാമൂഹിക നീതിയുടെ ഉൾക്കരുത്തോടെ മേൽപ്പറഞ്ഞ വിടവുകൾ കൂടി നികത്തും വിധം പ്രവർത്തിക്കാൻ സന്നദ്ധരാകണം. അതിന് ഓർക്കേണ്ടത് ഇത്രമാത്രം. പഴയ പാഠങ്ങൾ മറക്കാതെ പുതിയ കാലത്തെ പൂർണ്ണമായി പഠിക്കുക. അതറിഞ്ഞ് പ്രവർത്തിക്കുക.